**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1968** **09-12-2022 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാലകളിൽ ബിരുദ, ബിരുദാനന്തര കോഴ്സുകളിലെ സീറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ.പി. കെ. ബഷീർ ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ . പി . ഉബൈദുള്ള** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളുടെ കീഴിലുള്ള ബിരുദ, ബിരുദാനന്തര കോഴ്സുകളിൽ അനേകം സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇപ്രകാരം സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; | (ബി) | പ്രത്യേകമായി പരിശോധിച്ചിട്ടില്ല. |
| (സി) | ഉപരിപഠനത്തിനായി സംസ്ഥാനത്തിന് പുറത്ത് പോകുന്നവരുടെ എണ്ണം കൂടിയതും യൂണിവേഴ്സിറ്റി സെന്ററുകളിൽ യോഗ്യതയുള്ള അദ്ധ്യാപകരെ നിയമിക്കാത്തതും പ്രവേശനം നേടുന്നവരുടെ എണ്ണത്തിൽ കുറവ് വരുത്തുന്നതിന് കാരണമായിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല . |
| (ഡി) | ഇക്കാര്യങ്ങളിൽ എന്തെല്ലാം പരിഹാര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | അധ്യാപക തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനും, നിയമന നടപടികൾ വേഗത്തിൽ ആക്കുന്നതിനു മുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്തെ സമഗ്ര പരിഷ്കരണം ലക്ഷ്യമാക്കി കരിക്കുലം പരിഷ്കരണം, സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും പുത്തൻ തലമുറ കോഴ്സുകൾ, സർവ്വകലാശാലകളിൽ പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ എന്നിവയ്ക്കായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ